# വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : അനുപമ.റ്റി.വി. IAS)

**ഉത്തരവ് നം. E8/8425/2020(2)** തീയതി: 15..6..2020

=====================                    ===============

വിഷയം :വനിതാ ശിശുവികസന വകുപ്പ് - ഡയറക്ടറേറ്റ് – ജീവനക്കാര്യം 01-11-2001 മുതൽ 31..08..2008 വരെ ജോലിയിൽ പ്രവേശിച്ച ICDS സൂപ്പർവൈസർ തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് – ജീവനക്കാരെ ഉൾപ്പെടുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. സാമൂഹ്യനീതി ഡയറക്ടറുടെ 30/9/2009 ലെ E9/37165/08/DSWനമ്പർ ഉത്തരവ്.

2. സാമൂഹ്യനീതി ഡയറക്ടറുടെ 31-05-2019 തീയതിയിലെ E9/6121/19(1) നമ്പർ ഭേദഗതി ഉത്തരവ്.

3.സാമൂഹ്യനീതി ഡയറക്ടറുടെ 28/7/2007 ലെ E9/18816/06/DSW നമ്പർ നടപടിക്രമങ്ങൾ.

4. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ തീയതിയിലെ E8/8425/2020(1) നമ്പർ ഉത്തരവ്.

മേൽ പരാമർശം 1 ഉത്തരവ് പ്രകാരം 01/11/2001 മുതൽ 31/08/2008 വരെ സർവ്വീസിൽ പ്രവേശിച്ച ICDS സൂപ്പർവൈസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവായിട്ടുണ്ട്. പരാമർശം (2) പ്രകാരം ആയതിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. 28/02/1993 മുതൽ 31/10/2001 വരെ സർവ്വീസിൽ പ്രവേശിച്ച ICDS സൂപ്പർവൈസർമാരുടെ പരാമർശം 3 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 469 ആയി ഉൾപ്പെട്ടിരുന്ന ശ്രീമതി പുഷ്പലത.എസ്, 31/05/2001ൽ സർവ്വീസിൽ പ്രവേശിച്ചുവെങ്കിലും പ്രൊബേഷൻ കാലയളവിൽ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ഫ്രഷ് എൻട്രന്റ് ആയി 14/02/2005 -ൽ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുള്ള സാഹചര്യത്തിലും, ക്രമ നമ്പർ 477 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി ബിന്ദു കെ എ 30/05/2001ൽ സർവ്വീസിൽ പ്രവേശിച്ചുവെങ്കിലും പ്രൊബേഷൻ കാലയളവിൽ സർവ്വീസ് ആനുകൂല്യങ്ങൾക്ക് ബാധകമല്ലാത്ത ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും തിരികെ ഫ്രഷ് എൻട്രന്റ് ആയി 27/04/2006ൽ തിരികെ സർവ്വീസിൽ പ്രവേശിക്കുകയും തുടർന്ന് ശ്രീമതി പുഷ്പലത എസ്, 14/12/2007ലും ശ്രീമതി ബിന്ദു.കെ.എ 27/04/2008ലും പ്രൊബേഷൻ പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ടി ജീവനക്കാരെ പരാമർശം 3 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽനിന്നും നീക്കം ചെയ്ത് പരാമർശം 4 പ്രകാരം ഉത്തരവായിട്ടുണ്ട്.

ടി സാഹചര്യത്തിൽ 14/12/2005-ൽ ഫ്രഷ് എൻട്രന്റ് ആയി ജോലിയിൽ പ്രവേശിച്ച ശ്രീമതി പുഷ്പലത.എസ്.നെ 1/11/2001 മുതൽ 31/8/2008 വരെ ജോലിയിൽ പ്രവേശിച്ച

ICDS സൂപ്പർവൈസർമാരുടെ പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 48 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി കെ.പ്രിയാകുമാരിയ്ക്കും ക്രമ നം. 49 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ. വി.വി.ഉഷാകുമാരിയ്ക്കും ഇടയിലായി ക്രമ നം.48(എ) ആയി ഉൾപ്പെടുത്തിയും 27/4/2006 ൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി ബിന്ദു.കെ.എ.യെ പരാമർശം (2) സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം.142 ശ്രീമതി സെലേസ്യ ഫെർണാണ്ടസ് -നും ക്രമ നം. 143 ശ്രീമതി T.ജാനകിക്കുട്ടിയ്ക്കും ഇടയിലായി ക്രമ നം.142(എ) ആയി ചുവടെ പറയും പ്രകാരം ഉൾപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത (ജനറൽ-സ്പെഷ്യൽ | നിയമന നിർദ്ദേശ കത്ത് നമ്പരും തീയതിയും | നിയമന ഉത്തരവ് നമ്പരും തീയതിയും | ജോലിയിൽ പ്രവേശിച്ച തീയതി | അഭിപ്രായം |
|---|---|---|---|---|---|---|---|
| 48(A) | പുഷ്പലത.S | 25/4/65 | BA, NTE | RIC(1)32509/99/GW 27/3/01 | E3/12838/01 18/5/01 | 14/12/05 | |
| 142(A) | ബിന്ദു.K.A | 30/5/69 | B.Sc. Home Science | RIC(1)32509/99/GW 27/3/01 | E3/12838/01 18/5/01 | 27/4/06 | |

ടി സാഹചര്യത്തിൽ പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഒപ്പ്
**വനിതാ ശിശുവികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്
(കാര്യാലയ മേധാവി മുഖേന)

<u>പകർപ്പ്</u>

1. എല്ലാ കാര്യാലയ മേധാവികൾക്കും
2. സൂപ്രണ്ട് ഐ.റ്റി സെക്ഷൻ
3. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്